ഫെബ്രുവരി 22,2014

# ഇന്ത്യൻ ഭരണഘടനയുടെ സ്രഷ്ടാക്കൾ

**അരുൺ ജെയ്റ്റ്ലി,**
**പ്രതിപക്ഷ നേതാവ് (രാജ്യസഭ)**

വിരമിക്കുന്ന അംഗങ്ങൾക്കായി രാജ്യസഭ 2014 ഫെബ്രുവരി 20-ാം തീയതി ഒരു ഔപചാരികമായ യാത്രയയപ്പ് ചടങ്ങ് സംഘടിപ്പിച്ചു. സാധാരണ ഔപചാരികതകൾക്ക് പുറമേ ഇന്ത്യൻ ഭരണഘടനയുടെ സൃഷ്ടിക്കലിനെ ആധാരമാക്കി നിർമ്മിച്ച ഒരു ഹ്രസ്വചിത്രത്തിലെ ചില പ്രസക്തഭാഗങ്ങൾ ആ ചടങ്ങിൽ പ്രദർശിപ്പിച്ചു എന്ന സവിശേഷത ആ ചടങ്ങിനുണ്ടായിരുന്നു. രാജ്യസഭാ ടിവിക്കുവേണ്ടി രാജ്യസഭ സെക്രട്ടേറിയറ്റ് നിർമ്മിച്ച ചിത്രമായിരുന്നു അത്.

അടുത്തകാലത്ത് രാജ്യം കണ്ട ഏറ്റവും പ്രശസ്ത സിനിമാ നിർമ്മാതാവായ ശ്യാം ബെനഗൽ ആണ് ചിത്രം സംവിധാനം ചെയ്തത്. രാജ്യസഭയിലെ നോമിനേറ്റഡ് അംഗം എന്ന നിലയിൽ അദ്ദേഹം ആറുവർഷക്കാലം ഞങ്ങളുടെ ഒരു സഹപ്രവർത്തകൻ കൂടിയായിരുന്നു. സിനിമാരംഗത്തും നടനരംഗത്തുമുള്ള പ്രശസ്തരായ നടന്മാർ ഈ ചിത്രത്തിൽ അഭിനയിച്ചു. പത്തു ഭാഗങ്ങളായുള്ള ഈ പരമ്പര ആദ്യം രാജ്യസഭ ടിവിയിൽ സംപ്രേഷണം ചെയ്യും. ഓരോ പതിപ്പും ഒരു മണിക്കൂർ ദൈർഘ്യമുള്ളതാണ്. ഈ പരമ്പരയുടെ റെക്കോഡിംഗുമായി ബന്ധപ്പെട്ട് പാർലമെന്റിലെ പ്രധാന ഹാളിന്റെ ഒരു മാതൃക മുംബൈയിലെ ഒരു സ്റ്റുഡിയോയിൽ സൃഷ്ടിക്കപ്പെട്ടു. ഈ മാതൃക തികച്ചും യഥാർത്ഥമായി കാണപ്പെട്ടു. സെൻട്രൽ ഹാളിലെ അകസാമാനങ്ങളും ഫോട്ടോകൾ പതിച്ച ഫ്രെയിമുകളും വേദിയും ഹാളിലെ പ്രത്യേകതരം ഫാനുകളുമെല്ലാം മാതൃകയിൽ ഉൾക്കൊള്ളിച്ചിരുന്നു. നിയമനിർമ്മാണസഭയിലെ അദ്ധ്യക്ഷനായിരുന്ന ഡോ. രാജേന്ദ്രപ്രസാദ്, ഭരണഘടന എഴുതി തയ്യാറാക്കാൻ നിയോഗിക്കപ്പെട്ട സമിതി അദ്ധ്യക്ഷൻ ഡോ. ബി.ആർ. അംബേദ്കർ എന്നിവരുടെയും ജവഹർലാൽ നെഹ്റു, സർദാർ പട്ടേൽ, മുഹമ്മദ് അലി ജിന്ന, ഗോവിന്ദ് വല്ലഭായ് പട്ടേൽ, രാജ്കുമാരി അമൃത്കൗർ, മൗലാനാ അബ്ദുൾ കലാം ആസാദ്, എൻ. ഗോപാലസ്വാമി അയ്യങ്കാർ എന്നിവരുടെ വേഷമിട്ടവരും അങ്ങേയറ്റം രൂപസാദൃശ്യം പുലർത്തി. വാദപ്രതിവാദങ്ങളുടെയും ചർച്ചകളുടെയും പ്രസംഗങ്ങളുടെയും ഉള്ളടക്കം നിയമനിർമ്മാണസഭയിലെ രേഖകളിൽ ഉള്ളതുതന്നെയാണ്.

പരമ്പരയുടെ ഒരു അല്പദർശനം മാത്രം കണ്ട സാഹചര്യത്തിൽ അതിന്റെ പൂർണ്ണരൂപം കാണാൻ ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. ഇന്ത്യൻ ഭരണഘടനയുടെ രചനയെക്കുറിച്ചുള്ള വ്യക്തമായതും ആകർഷകവുമായ ഒരു ചിത്രമായിരിക്കും പരമ്പര സമ്മാനിക്കുന്നതെന്ന കാര്യത്തിൽ എനിക്ക് ഒരു സംശയവുമില്ല. പുസ്തകങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ തിരശ്ശീലയിൽ നിന്ന് വളരെ എളുപ്പം ചരിത്രം സ്വായത്തമാക്കാൻ പരമ്പരയിലൂടെ സാധിക്കും. ലാഭേച്ഛ ഇല്ലാതെ രാജ്യസഭയുടെ ചെലവിൽ നിർമ്മിക്കുന്ന ഈ പരമ്പര ഒരു മഹത്തായ ഉദ്യമമായി ഭവിക്കും. ആദ്യം രാജ്യസഭാ ടിവിയിൽ സംപ്രേഷണം ചെയ്യുന്ന ഈ പരമ്പര ദൂരദർശൻ, സ്വകാര്യ ചാനലുകൾ ഉൾപ്പെടെയുള്ള എല്ലാ മാധ്യമങ്ങളിലൂടെയും സംപ്രേഷണം ചെയ്യും. ഈ വിഷയത്തിൽ താത്പര്യമുള്ള ഏതൊരാളും അവശ്യം കണ്ടിരിക്കേണ്ട ഒന്നാണിത്. പ്രത്യേകിച്ചും എല്ലാ തിരഞ്ഞെടുക്കപ്പെട്ട രാഷ്ട്രീയ പ്രതിനിധികളും രാഷ്ട്രീയപ്രവർത്തകരും മാധ്യമരംഗത്തുള്ളവരും അദ്ധ്യാപകർ ഉൾപ്പെടെയുള്ള പണ്ഡിതരും കണ്ടിരിക്കേണ്ടതാണ് ഈ പരമ്പര. ലോകത്തെമ്പാടുമുള്ള ജനങ്ങൾക്ക് കാണാനുതകുന്ന രീതിയിൽ ഇത് യു ട്യൂബിലും വഴിയേ ലഭ്യമാക്കണം.

ഒരു സ്വകാര്യ ചാനൽ നിർമ്മിച്ച 'പ്രധാനമന്ത്രി എന്ന പരമ്പരയ്ക്ക് തൊട്ടുപിന്നാലെ ചരിത്രം വിളിച്ചോതുന്ന ഈ പരമ്പരയുടെ അവതരണം ഈ രംഗത്ത് താത്പര്യമുള്ളവർക്കെല്ലാം ശിക്ഷണം നൽകുന്ന ഒന്നായിരിക്കും. 'പ്രധാനമന്ത്രി, 'സംവിധാൻ എന്നീ നിലവാരമുള്ള പരമ്പരകൾ കാണികളെ ആകർഷിക്കുമെങ്കിൽ അത് ഇന്ത്യയുടെ ചരിത്ര ചാനൽ എന്ന സംരംഭത്തിന്റെ ആരംഭമായിരിക്കും.